**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 136** **16-09-2025 - ൽ മറുപടിയ്ക്ക്**

**ചാവക്കാട് സബ് ജയിലിന്റെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയ ചാവക്കാട് സബ് ജയിലിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | 2022-23 സാമ്പത്തിക വർഷത്തെ 'തടവുകാരുടെ ക്ഷേമം' വാർഷിക പദ്ധതിയിൽ 154 ലക്ഷം രൂപ ചാവക്കാട് സബ് ജയിലിന് ചുറ്റുമതിലും ഗേറ്റും നിർമ്മിയ്ക്കുന്ന പ്രവൃത്തിയ്ക്കായി വകയിരുത്തിയിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിയ്ക്കായി ഭൂമി ലഭിക്കാത്തതിനാൽ ഈ തുക 2022-23 സാമ്പത്തിക വർഷം ചെലവഴിക്കാൻ കഴിഞ്ഞിരുന്നില്ല. ചാവക്കാട് സബ് ജയിലിനു സമീപം ട്രഷറി വകുപ്പ് ഉപയോഗിച്ചിരുന്ന സ്ഥലത്തു നിന്നും 6 സെന്റ് സ്ഥലം ജയിൽ വകുപ്പിന് അനുവദിച്ചു കിട്ടുന്നതിനായി കളക്ടർക്ക് അർത്ഥനാപത്രം സമർപ്പിച്ചിട്ടുള്ളതും ഇതുമായി ബന്ധപ്പെട്ട ഫയൽ തുടർനടപടിക്കായി റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളതുമാണ്. |
| (ബി) | പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ ഭാഗമായി നിലവിലെ കെട്ടിടം പൊളിച്ചു മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ബി) | 2022-23 സാമ്പത്തിക വർഷത്തെ 'തടവുകാരുടെ ക്ഷേമം' വാർഷിക പദ്ധതിയിൽ 154 ലക്ഷം രൂപ ചാവക്കാട് സബ് ജയിലിന് ചുറ്റുമതിലും ഗേറ്റും നിർമ്മിയ്ക്കുന്ന പ്രവൃത്തിയ്ക്കായി വകയിരുത്തിയിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിയ്ക്കായി ഭൂമി ലഭിക്കാത്തതിനാൽ ഈ തുക 2022-23 സാമ്പത്തിക വർഷം ചെലവഴിക്കാൻ കഴിഞ്ഞിരുന്നില്ല. ചാവക്കാട് സബ് ജയിലിനു സമീപം ട്രഷറി വകുപ്പ് ഉപയോഗിച്ചിരുന്ന സ്ഥലത്തു നിന്നും 6 സെന്റ് സ്ഥലം ജയിൽ വകുപ്പിന് അനുവദിച്ചു കിട്ടുന്നതിനായി കളക്ടർക്ക് അർത്ഥനാപത്രം സമർപ്പിച്ചിട്ടുള്ളതും ഇതുമായി ബന്ധപ്പെട്ട ഫയൽ തുടർനടപടിക്കായി റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ